ലീഗൽ മെട്രോളജി റൂൾസ്

177(3060) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി റൂൾസ് നടപ്പാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ-സി) ലീഗൽ മെട്രോളജി വകുപ്പിനെ സംബന്ധിച്ച് ലീഗൽ മെട്രോളജി എൻഫോഴ്സ്മെന്റ് റൂൾസ്, ലീഗൽ മെട്രോളജി സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് എന്നിവയാണ് ഉള്ളത്. ഇതിൽ ലീഗൽ മെട്രോളജി എൻഫോഴ്സ്മെന്റ് റൂൾസ് G.O.(MS)5/2012/CAD dated 20-7-2012 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ലീഗൽ മെട്രോളജി വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കർത്തവ്യ നിർവ്വഹണം പ്രസ്തുത റൂളിനെ ആധാരമാക്കിയാണ് നടത്തുന്നത്. വ്യാപാരികളും മറ്റും കൊണ്ടുവരുന്ന അളവു തൂക്ക ഉപകരണങ്ങൾ കൃത്യതയുള്ളതാണോയെന്ന് ഉറപ്പുവരുത്തി, ആയത് മുദ്ര പതിപ്പിച്ച് നൽകുകയാണ് ലീഗൽ മെട്രോളജി വകുപ്പിലെ ഉദ്യോഗസ്ഥർ ചെയ്തു വരുന്നത്. വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ യോഗ്യത, പരിശീലനം എന്നിവ ഉള്ള പ്രാപ്തരായ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തുക എന്നതാണ് ലക്ഷ്യമാക്കുന്നത്. കൂടാതെ, സമയബന്ധിതമായി, അളവുകളും തൂക്കങ്ങളും, സംബന്ധിച്ച് ലഭിക്കുന്ന പരാതി പരിഹരിച്ച് പരമാവധി ഉപഭോക്തൃ സംരക്ഷണം ഉറപ്പുവരുത്തുക എന്നതുകൂടി ഉദ്ദേശിക്കുന്നു. ലീഗൽ മെട്രോളജി വകുപ്പിലെ ഉദ്യോഗസ്ഥരുടെ നിയമനം, യോഗ്യത തുടങ്ങിയ വിഷയങ്ങളാണ് ലീഗൽ മെട്രോളജി സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ പ്രതിപാദിക്കുന്നത്. പ്രസ്തുത റൂൾസ് G.O.(P)No. 1/2013/CAD dated 29-1-2013, G.O.(P)No. 2/2013/CAD dated 29-1-2013 എന്നിവ പ്രകാരം പുറപ്പെടുവിച്ചെങ്കിലും കേന്ദ്ര ചട്ടമായ ലീഗൽ മെട്രോളജി ജനറൽ റൂൾസ് 2011-ൽ നിന്നും വിഭിന്നമായി

LIBRARY ARCHIVES Kerala Legislative Assembly

യോഗ്യതകൾ നിശ്ചയിച്ചതിനാൽ ബന്ധപ്പെട്ട റൂൾസ് പരിശോധിച്ച നിയമസഭാ സമിതി പ്രസ്തുത റൂൾ റദ്ദ് ചെയ്ത് കേന്ദ്ര ചട്ടങ്ങൾക്ക് അനുസൃതമായി പുതിയ റൂൾസ് പുറപ്പെടുവിക്കുവാൻ നിർദ്ദേശിക്കുകയും സർക്കാർ ആയത് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിരുന്നു. ഇതിന്റെ തുടർച്ചയായി കേന്ദ്ര ചട്ടങ്ങൾക്കനുസൃതമായി സർക്കാർ പുതിയ കരട് ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരികയാണ്.

കയർ മേഖലയെ ശാക്തീകരിക്കുന്നതിന് സഹായം

178(3061) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയർ മേഖല ശാക്തീകരിക്കുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമാകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കയർ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന "കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം" (Market Development Assistance-MDA) എന്ന പദ്ധതിക്ക് കേന്ദ്രത്തിൽനിന്നും വിഹിതം ലഭിച്ചു വരുന്നു. വിപണന വികസന ധനസഹായമായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും 50:50 എന്ന അനുപാതത്തിലാണ് വഹിക്കുന്നത്. കയറും കയറുൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കൽ, വിപണിവികസന പരിപാടി മുതലായവയ്ക്ക് നിബന്ധനകൾക്ക് വിധേയമായി കേന്ദ്ര വിഹിതവും ചേർത്ത് പദ്ധതി വിഹിതം ഉപയോഗിക്കുന്നു.

കയർ മേഖലയ്ക്ക് ഊർജ്ജം നൽകുന്ന കർമ്മപദ്ധതികൾ

179(3062) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയ്ക്ക് ഊർജ്ജം നൽകുന്നതിന് കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly